# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **2297**

01.04.2013 - ൽ മറുപടിയ്ക്ക്

## ഔഷധസസ്യോത്പാദനം വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. റ്റി.എൻ.പ്രതാപൻ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഔഷധസസ്യോത്പാദനം വർദ്ധിപ്പിക്കാൻ നടപടികൾ എടുത്തിട്ടുണ്ടോ;വിശദമാക്കുമോ; | (എ) ഉണ്ട്. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന സംസ്ഥാന ഔഷധ സസ്യബോർഡ് ഔഷധ സസ്യങ്ങളുടെ സംരക്ഷണം, കൃഷി വ്യാപനം, ബോധവൽക്കരണം, ഗുണമേന്മയുള്ള ഔഷധ സസ്യങ്ങളുടെ തൈ ഉൽപാദനം, ഗവേഷണം തുടങ്ങി ഔഷധ സസ്യ മേഖലയെ പരിപോഷിപ്പിക്കുന്നതിനാവശ്യമായ വിവിധങ്ങളായ പദ്ധതികൾ ദേശീയ ഔഷധ സസ്യബോർഡിന്റെയും സംസ്ഥാന സർക്കാരിന്റെയും സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്താകമാനം നടപ്പിലാക്കിവരുന്നുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഔഷധ സസ്യങ്ങളുടെ പ്രാധാന്യം, സംരക്ഷണം, കൃഷി, പരിപാലനം എന്നിവയെക്കുറിച്ച് പൊതുജനങ്ങളേയും വിദ്യാർത്ഥികളേയും ബോധവാന്മാരാക്കുക, ഗുണമേന്മയുള്ള ഔഷധ സസ്യങ്ങളുടെ തൈകൾ ജനങ്ങളിൽ എത്തിക്കുക, ആയുർവേദ ഔഷധ നിർമ്മാണത്തിനാവശ്യമായ ഗുണമേന്മയുള്ള ഔഷധ സസ്യങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുക, ഔഷധ സസ്യമേഖലയെ പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ പുതിയ സാങ്കേതിക വിദ്യകൾ |

ഉണ്ടാക്കിയെടുക്കുക സംസ്ഥാനത്തിന്റെ ഔഷധ സസ്യ സമ്പത്ത് വർദ്ധിപ്പിക്കുക എന്നിവയാണ് പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;വിശദമാക്കുമോ;

(സി) സർക്കാർ ആയുർവേദ ഗവേഷണ സ്ഥാപനം, കേരള വന ഗവേഷണ സ്ഥാപനം, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ, ഔഷധി, സംസ്ഥാന വനം വകുപ്പ്, സംസ്ഥാന വനവികസന കോർപ്പറേഷൻ, കേരള കാർഷിക സർവ്വകലാശാല, ജയിൽ വകുപ്പ്, ഭാരതീയ ചികിത്സാ വകുപ്പ്, കേരള പോലീസ് അക്കാദമി, ഹോമിയോ വകുപ്പ്, മലബാർ ബോട്ടാണിക് ഗാർഡൻ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളും, കോട്ടയ്ക്കൽ ആര്യവൈദ്യശാല, ഓയിസ്ക ഇന്റർനാഷണൽ , എം.എസ്. സ്വാമിനാഥൻ ഗവേഷണ സ്ഥാപനം, അമല ക്യാൻസർ ഗവേഷണ സ്ഥാപനം തുടങ്ങി വിവിധ സർക്കാരിതര സ്ഥാപനങ്ങളുമായാണ് സംസ്ഥാന ഔഷധ സസ്യബോർഡ് സഹകരിക്കുന്നത്.

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) ഔഷധ സസ്യമേഖലയിൽ പുതിയ സാങ്കേതിക വിദ്യകൾ കണ്ടെത്തുന്നതിനായി കേരള വനഗവേഷണ സ്ഥാപനം, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ, കേരള കാർഷിക സർവ്വകലാശാല, ഔഷധി തുടങ്ങിയ സർക്കാർ സ്ഥാപനങ്ങൾക്കും കോട്ടയ്ക്കൽ ആര്യവൈദ്യശാല, എം.എസ്. സ്വാമിനാഥൻ ഗവേഷണ സ്ഥാപനം, അമല ക്യാൻസർ ഗവേഷണ സ്ഥാപനം തുടങ്ങിയ സർക്കാരിതര സ്ഥാപനങ്ങൾക്കും വിവിധ ഗവേഷണ ബോധവൽക്കരണ പദ്ധതികൾ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ